'ഭരണഭാഷ – മാതൃഭാഷ'

**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മുതിർന്ന ഭരണകാര്യസ്ഥന്റെ നടപടി ഉത്തരവ്**

വിഷയം:-പൊതുമരാമത്ത് വകുപ്പ്-ജീവനക്കാര്യം-തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്ത ജീവനക്കാരെ പുന:പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

പരാമർശം: അരൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ ഉത്തരവ് നം. Estt/07/16 തീയതി 9/5/2016.

ഉത്തരവ് നം. ഇഡി 1-11042/2013/വാല്യം 2 തീയതി 20/5/2016.

പരാമർശം ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ നിന്നും മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്ത് 11-5-2016 ൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. എൻ. എ. സാദത്ത്, സീനിയർ ക്ലാർക്കിനെ ആലപ്പുഴ ജില്ലയിൽ ബിൽഡിംഗ്സ് ഡിവിഷൻ ഓഫീസിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് പുനർനിയമനം നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവ് പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് അടുത്ത പ്രവൃത്തി ദിവസം നിയമനം ലഭിച്ച ഓഫീസിൽ ശ്രീ. എൻ. എ.സാദത്ത് ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട ഓഫീസർ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. 11-5-2016 മുതൽ ജോലിയിൽ പ്രവേശിച്ച തീയതി വരെയുള്ള കാലയളവ് ക്രമവത്കരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
മുതിർന്ന ഭരണകാര്യസ്ഥൻ

സ്വീകർത്താവ്

ശ്രീ. എൻ.എ.സാദത്ത്,
സീനിയർ ക്ലാർക്ക്

പകർപ്പ്: -

1. എക്സിക്യൂട്ടീവ് എൻജിനീയർ, ബിൽഡിംഗ്സ് ഡിവിഷൻ, ആലപ്പുഴ
2. ഐറ്റി സെൽ/ കരുതൽ ഫയൽ/അധികപകർപ്പ്.

ഉത്തരവിൻ പ്രകാരം

ഭരണസ്ഥായി

എഫ്സി/6